**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1759** **08-10-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത ഡിപ്പോ എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (എ) | കോർപ്പറേഷന്റെ നിലവിലുള്ള കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ മഞ്ചേരിയിൽ നിന്നും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിന് കഴിയാത്ത അവസ്ഥയായതിനാൽ പ്രസ്തുത സ്ഥലത്ത് ഒരു ഡിപ്പോ ആരംഭിക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല. ഒരു ഓപ്പറേറ്റിംഗ് സെന്റർ ആരംഭിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ (ഓഫീസ്, വർക്ക് ഷോപ്പ് തുടങ്ങിയവയ്ക്കുള്ള കെട്ടിടങ്ങൾ, ബസ്സുകളുടെ പാർക്കിംഗ് സൗകര്യം) നിർദ്ദിഷ്ട സ്ഥലത്ത് സൗജന്യമായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരുക്കി തന്നാൽ പോലും പുതുതായി ഓപ്പറേറ്റിംഗ് സെൻറർ /സബ്ബ് ഡിപ്പോ ആരംഭിക്കുമ്പോൾ പ്രതിവർഷം പ്രവർത്തന ചെലവ് ഇനത്തിൽ 50 ലക്ഷം രൂപയോളം കോർപ്പറേഷന് അധിക ബാദ്ധ്യത വരുമെന്നാണ് കണക്കാക്കിയിരിക്കുന്നത്. എന്നിരുന്നാലും KSRTC യുടെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഇതിനെക്കുറിച്ച് ആലോചിയ്ക്കുന്നതാണ്. |
| (ബി) | മഞ്ചേരിയിൽ നിലവിലുണ്ടായിരുന്നതും പിന്നീട് നിർത്തലാക്കിയതുമായ കെ.എസ്.ആർ.ടി.സി. സ്റ്റേഷൻമാസ്റ്ററുടെ ഓഫീസ് പുനഃരാരംഭിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത ഓഫീസ് എന്നത്തേക്ക് പുനഃരാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | (ബി) | നിവേദനം ലഭിച്ചിട്ടുണ്ട്. 21.12.2012-ൽ പ്രവർത്തനം ആരംഭിച്ച മഞ്ചേരി ഐ.ജി.ബി.റ്റി ബസ് സ്റ്റാൻഡിലെ സ്റ്റേഷൻ മാസ്റ്റർ ഓഫീസ് 03.09.2017 ലാണ് നിർത്തലാക്കിയത്. മഞ്ചേരി ഐ.ജി.ബി.റ്റി ബസ് സ്റ്റാൻഡിൽ കൂടി നാമമാത്രമായ ബസ്സുകൾ കയറി ഇറങ്ങി പോകുന്ന സാഹചര്യത്തിൽ ആയതിനുവേണ്ടി മാത്രമായി ഒരു സ്റ്റേഷൻ മാസ്റ്റർ ഓഫീസ് പുനർസ്ഥാപിക്കുന്നതിന് നിർവ്വാഹമില്ല. എന്നാൽ കൂടുതൽ യാത്രക്കാർ ഈ ഐ.ജി.ബി.റ്റി സ്റ്റാൻഡിനെ ആശ്രയിക്കുകയും, കൂടുതൽ ബസ്സുകൾ വന്നുചേരുകയും ചെയ്യുന്ന വേളയിൽ കെ.എസ്.ആർ.ടി.സി.യ്ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ മഞ്ചേരി ഐ.ജി.ബി.റ്റി കേന്ദ്രീകരിച്ച് സ്റ്റേഷൻ മാസ്റ്റർ ഓഫീസ് |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്ന കാര്യം വിശദമായ സാദ്ധ്യതാപഠനം നടത്തി പരിഗണിക്കുന്നതാണ്. |
| (സി) | മഞ്ചേരിയിൽ നിന്ന് ആരംഭിക്കുന്നതോ, മഞ്ചേരിയിലൂടെ കടന്ന് പോവുന്നതോ ആയ ഏതെങ്കിലും കെ.എസ്.ആർ.ടി.സി. സർവീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; എങ്കിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സർവീസുകൾ ഏതൊക്കെയാണ്; വ്യക്തമാക്കാമോ? | (സി) | ഉണ്ട്. തമിഴ്നാടുമായുള്ള അന്തർസംസ്ഥാന ഗതാഗതം പുനരാരംഭിക്കുന്ന മുറയ്ക്ക് മലപ്പുറം - ഊട്ടി തുടങ്ങിയ സർവ്വീസുകൾ, യാത്രക്കാർക്ക് ഗുണകരവും കോർപ്പറേഷന് സാമ്പത്തിക മേന്മയും ലഭ്യമാകുന്ന രീതിയിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ